# പ്രവാചകൻമാർ

താൻ അവതരിപ്പിച്ച വേദവും മറ്റു വെളിപാടുകളും ഏറ്റുവാങ്ങി ജനങ്ങളെ പഠിപ്പിക്കാനും അതനുസരിച്ചുള്ള ജീവിതരീതി അവരെ പരിശീലിപ്പിക്കാനും അല്ലാഹു ചില മനുഷ്യരെ തന്റെ ദൂതന്മാരായി തെരഞ്ഞെടുത്തിട്ടുണ്ട്. മലകുകളിലൂടെയാണ് വേദവും വെളിപാടും പ്രവാചകന്മാരിലേക്ക് എത്തിച്ചുകൊണ്ടിരുന്നത്. ഈ പ്രതിഭാസത്തിന് വഹ്‌യ് (വെളിപാട്, ദിവ്യബോധനം) എന്നാണ് പറയുക. ജനങ്ങളെ മാർഗദർശനം ചെയ്യാനുള്ള ദിവ്യബോധനം ലഭിച്ചവരെല്ലാം പ്രവാചകന്മാർ (അൻബിയാ)ആകുന്നു. എല്ലാ പ്രവാചകന്മാരും ഒരേ സന്ദേശം തന്നെയാണ് പ്രബോധനം ചെയ്തുവന്നത്. ഒരു സമൂഹത്തിൽതന്നെ പല കാലങ്ങളിലായി അനേകം പ്രവാചകൻമാർ വരാറുണ്ടായിരുന്നു. ഒരു കാലത്തുതന്നെ ഒരേ സമൂഹത്തിലും വ്യത്യസ്ത സമൂഹങ്ങളിലുമായി പല പ്രവാചകന്മാർ ആഗതരായ ചരിത്രവുമുണ്ട്. മുൻ പ്രവാചകന്റെ പാരമ്പര്യവും അദ്ദേഹത്തിനവതരിച്ച വേദവും നിലനിർത്താനായിരുന്നു അധിക പ്രവാചകന്മാരും ആഗതരായിരുന്നത്. മുൻ പ്രവാചകന്റെ പാരമ്പര്യവും വേദവും ജനങ്ങൾ തീരെ വിസ്മരിച്ചു കഴിഞ്ഞ സാഹചര്യങ്ങളിൽ ആഗതരാകുന്ന പ്രവാചകരോടൊപ്പം പുതിയ വേദവും ശരീഅതും അവതരിച്ചിരുന്നു. അങ്ങനെയുള്ള പ്രവാചകന്മാരെ സാങ്കേതികമായി റസൂൽ എന്നാണ് വിളിക്കുക. (ദൈവ) ദൂതൻ എന്നാണ് റസൂലിന്റെ അർഥം. നബിമാരും റസൂലുകളുമായി ലോകത്ത് ഒന്നേകാൽ ലക്ഷത്തോളം പ്രവാചകന്മാർ ആഗതരായിട്ടുണ്ടെന്നാണ് ചരിത്രം.

25-ഓളം പ്രവാചകന്മാരുടെ പേരേ ഖുർആൻ പരാമർശിച്ചിട്ടുള്ളൂ. അവരെ സത്യപ്രവാചകന്മാരായി അംഗീകരിക്കേണ്ടതും ആദരിക്കേണ്ടതും ഓരോ മുസ്‌ലിമിന്റെയും നിർബന്ധ ബാധ്യതയാകുന്നു. ഖുർആനോ മുഹമ്മദ്നബിയോ പ്രവാചകനാണ് എന്ന് വെളിപ്പെടുത്തിയിട്ടില്ലാത്ത അനേകായിരം പ്രവാചകന്മാരുണ്ടായിരുന്നുവെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. എന്നാൽ വിവിധ സമൂഹങ്ങൾ പല ചരിത്ര പുരുഷന്മാരെയും പ്രവാചകന്മാരായി അംഗീകരിക്കുന്നുണ്ട്. വ്യക്തമായ തെളിവുകളുടെ അഭാവത്തിൽ, ആ ചരിത്രപുരുഷന്മാർ പ്രവാചകൻമാർ തന്നെയായിരുന്നുവെന്ന് വിശ്വസിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരല്ല. അവരെ നിഷേധിക്കേണ്ട കാര്യവും അവർക്കില്ല. അത്തരക്കാരെ അവഹേളിക്കുന്നത് അനുവദനീയവുമല്ല.

# മുഹമ്മദ്നബി

മുഹമ്മദ്നബി ലോക ജനതക്കാകമാനം എക്കാലത്തേക്കുമുള്ള പ്രവാചകനാണ്. "മുഴുവൻ മനുഷ്യ വംശത്തിനുമുള്ള സുവിശേഷകനും മുന്നറിയിപ്പുകാരനുമായിട്ടുതന്നെയാകുന്നു നിന്നെ നാം നിയോഗിച്ചിട്ടുള്ളത്" (ഖു. 34: 28). അദ്ദേഹത്തിനവതരിച്ച വേദഗ്രന്ഥമായ ഖുർആനും അദ്ദേഹത്തിന്റെ ജീവിത മാതൃകയും വിസ്മൃതമാവുകയോ വികലമാവുകയോ ചെയ്യാതെ ലോകാവസാനം വരെ നിലനില്ക്കുന്നതാണ്. അതു പ്രചരിപ്പിക്കുവാനും പ്രബോധനം ചെയ്യാനുമുള്ള ബാധ്യത അദ്ദേഹം കെട്ടിപ്പടുത്ത സമുദായത്തിൽ ചുമത്തപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിനു ശേഷം ഇനി പ്രവാചകന്മാർ നിയോഗിക്കപ്പെടുന്നതല്ല. "ജനങ്ങളേ, മുഹമ്മദ് നിങ്ങളിലുള്ള പുരുഷന്മാരിലാരുടെയും പിതാവല്ല. പ്രത്യുത, അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അന്തിമനുമാകുന്നു. അല്ലാഹു എല്ലാ സംഗതികളും അറിവുള്ളവനല്ലോ"(ഖു. 33:40).

മുഹമ്മദ്നബിക്കുശേഷം ആരെങ്കിലും താൻ ദൈവത്താൽ നിയുക്തനായ, മലകുകൾ മുഖേന ദിവ്യസന്ദേശം ലഭിക്കുന്ന പ്രവാചകനാണെന്ന് അവകാശപ്പെട്ടാൽ അയാൾ നിസ്സംശയം വ്യാജനാണ്. അയാളെ പ്രവാചകനായി അംഗീകരിക്കുന്നത് ഈമാനി(സത്യവിശ്വാസം)ൽനിന്നുള്ള വ്യതിചലനമാകുന്നു. ഈയടിസ്ഥാനത്തിലാണ്, മുഹമ്മദ്നബിക്കുശേഷം ഖലീഫഃ അബൂബക്റിന്റെ കാലത്ത് പ്രവാചകത്വം അവകാശപ്പെട്ടു രംഗപ്രവേശം ചെയ്ത മുസൈലിമഃ മുതൽ കഴിഞ്ഞ നൂറ്റാണ്ടിൽ ഇന്ത്യയിൽ പ്രവാചകത്വം വാദിച്ച മീർസാ ഗുലാം അഹ്മദ് ഖാദിയാനി വരെയുള്ളവരും അവരെ അംഗീകരിച്ചവരും ഇസ്‌ലാമിൽനിന്ന് ഭ്രഷ്ടരായവരായി ഗണിക്കപ്പെടുന്നത്.

അന്തിമ വേദമായ വിശുദ്ധ ഖുർആനിന്റെ ആധികാരിക വ്യാഖ്യാതാവും അതനുസരിച്ചുള്ള വിശുദ്ധ ജീവിതത്തിന്റെ ഉത്കൃഷ്ട മാതൃകയും അന്ത്യപ്രവാചകനാകുന്നു. സംശുദ്ധവും ധർമനിഷ്ഠവുമായ ജീവിതം കാംക്ഷിക്കുന്ന ആരും അദ്ദേഹത്തെ മാതൃകയാക്കിയാണ് ജീവിക്കേണ്ടത്. പ്രവാചകനെ ധിക്കരിക്കുന്നത് അല്ലാഹു നല്കിയ സന്മാർഗദർശനത്തെ ധിക്കരിക്കലാകുന്നു. മുഹമ്മദീയ പ്രവാചകത്വം പൂർവ പ്രവാചകന്മാരും അവരുടെ വേദങ്ങളും പ്രവചിച്ചിട്ടുള്ളതാണ്. അവർ പ്രബോധനം ചെയ്ത അടിസ്ഥാന സന്ദേശം തന്നെയാണ് അദ്ദേഹം പ്രബോധനം ചെയ്തിട്ടുള്ളതും. അതുകൊണ്ട് മുഹമ്മദ്നബിയെ നിഷേധിക്കുന്നത് പൂർവ പ്രവാചകന്മാരെയും പൂർവ വേദങ്ങളെയും നിഷേധിക്കലാകുന്നു.

മുസ്‌ലിംകൾ പൂർവ പ്രവാചകന്മാരെക്കുറിച്ചു പുലർത്തുന്ന വിശ്വാസവും അന്ത്യപ്രവാചകനെക്കുറിച്ചു പുലർത്തുന്ന വിശ്വാസവും തമ്മിലുള്ള വ്യത്യാസത്തെ ഇങ്ങനെ സംഗ്രഹിക്കാം:

1. പൂർവ പ്രവാചകന്മാർ അവർ ആഗതരായ സമുദായത്തിലേക്കും കാലഘട്ടത്തിലേക്കും മാത്രമായി നിയുക്തരായവരായിരുന്നു. മുഹമ്മദ് നബി എല്ലാ സമുദായങ്ങൾക്കും കാലഘട്ടങ്ങൾക്കും മാർഗദർശകനായിട്ടാണ് നിയുക്തനായത്.

2. മുൻ പ്രവാചകന്മാരുടെ യഥാർഥ ശിക്ഷണങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു. വിവിധ സമുദായങ്ങൾ പ്രവാചകന്മാരുടേതെന്ന പേരിൽ പ്രചരിപ്പിക്കുന്ന പല ഉപദേശങ്ങളും അവർ നല്കാത്തതും നല്കാൻ സാധ്യതയില്ലാത്തതുമാണ്. പ്രവാചക ചരിത്രം എന്ന പേരിൽ പ്രചരിപ്പിക്കപ്പെടുന്നതിൽ ഏറിയ കൂറും കെട്ടുകഥകളും ഇതിഹാസങ്ങളുമാണ്. ഇക്കാരണത്താൽ ഇന്നത്തെ സാഹചര്യത്തിൽ യാതൊരാൾക്കും മുഹമ്മദ്നബിക്കുമുമ്പുള്ള ഏതെങ്കിലും പ്രവാചകന്റെ യഥാർഥ ഉപദേശങ്ങളും ചര്യകളും കണ്ടെത്താനോ പിന്തുടരാനോ കഴിയുകയില്ല. എന്നാൽ മുഹമ്മദ് നബിയുടെ യഥാർഥ സന്ദേശം വിശുദ്ധ ഖുർആനിന്റെ രൂപത്തിൽ യാതൊരു കളങ്കത്തിനും വിധേയമാകാതെ നിലനില്ക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ജീവിത ചരിത്രവും ഏറ്റം വിശദമായും സൂക്ഷ്മമായും സത്യസന്ധമായും രേഖപ്പെടുത്തി വച്ചിരിക്കുന്നു. മുഹമ്മദീയ ചരിത്രം രേഖപ്പെടുത്തിയത് അദ്ദേഹത്തിന്റെ, സൂക്ഷ്മദൃക്കുകളും വിദ്വാന്മാരും സത്യസന്ധരുമായ ശിഷ്യന്മാരാണ്. മനുഷ്യരെന്ന നിലയിൽ അവർക്ക് പിഴകൾ സംഭവിക്കാവുന്നതാണ്. എങ്കിലും ഖുർആനിന്റെ പ്രായോഗിക രൂപമായിരുന്നു മുഹമ്മദീയ ജീവിതം എന്ന കാര്യം അനിഷേധ്യമായ യാഥാർഥ്യമാകുന്നു. ഒരിക്കൽ മുഹമ്മദ്നബിയുടെ സ്വഭാവത്തെക്കുറിച്ച് അന്വേ

ഷിച്ച ഒരാളോട് അദ്ദേഹത്തിന്റെ പത്നി ആഇശഃ പ്രസ്താവിച്ചത്, “അദ്ദേഹത്തിന്റെ സ്വഭാവം ഖുർആൻ ആയിരുന്നു” എന്നാണ്. അതിനാൽ മുഹമ്മദീയ ചരിത്രത്തിൽ കെട്ടുകഥകളുടെയും ഐതിഹ്യങ്ങളുടെയും മാറാലകൾ വന്നടിഞ്ഞാൽ തന്നെ വിശുദ്ധ ഖുർആൻ എന്ന വിളക്കിനു നേരെ പിടിച്ചുനോക്കിയാൽ യഥാർഥ രൂപം നിഷ്പ്രയാസം ദൃശ്യമാകുന്നതാണ്.

3. മുൻ പ്രവാചകന്മാർ അതതു സമുദായങ്ങളിലേക്കും കാലയളവിലേക്കും ആഗതരായതിനാൽ അവരുടെ ശിക്ഷണങ്ങൾക്കും ആ പരിമിതികളുണ്ടായിരുന്നു. മുഹമ്മദ്നബി എല്ലാവർക്കും മാർഗദർശകനായി നിയോഗിക്കപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ എല്ലാ സമൂഹങ്ങൾക്കും എല്ലാ കാലക്കാർക്കും പ്രസക്തമാകുന്നു. മുഹമ്മദീയ പ്രവാചകത്വത്തിലൂടെ പൂർവ പ്രവാചകന്മാരുടെ സ്ഥല-കാലാശ്രിതമായ താൽക്കാലിക ശിക്ഷണങ്ങളെല്ലാം ദുർബലപ്പെട്ടിരിക്കുന്നു. ദൈവിക മതത്തിന്റെ അന്തിമവും സമ്പൂർണവും ശാശ്വതവുമായ രൂപമാണ് മുഹമ്മദ് നബി അവതരിപ്പിച്ചിട്ടുള്ളത്. അതോടെ പൂർണവും താൽക്കാലികവുമായ മതങ്ങൾ സ്വയം ദുർബലപ്പെടുന്നു.

4. പൂർവ പ്രവാചകന്മാർക്കുശേഷം അവരുടെ പ്രബോധനം തുടരാൻ പിൻഗാമികളായ പ്രവാചകന്മാർ വന്നുകൊണ്ടിരുന്നു. ഓരോ പ്രവാചകന്റെയും സന്ദേശം പിന്നീടു വരുന്ന പ്രവാചകൻ തുടരുകയും പരിഷ്കരിക്കുകയും ചെയ്തു. മുഹമ്മദീയ പ്രവാചകത്വം അവസാനത്തേതാണ്. അദ്ദേഹത്തിനു ശേഷം പ്രവാചകദൗത്യം തുടരാൻ പ്രവാചകന്മാർ വരുന്നതല്ല. ലോകാവസാനം വരെ അദ്ദേഹത്തിന്റെ സന്ദേശങ്ങളും ചര്യകളും അദ്ദേഹം അവതരിപ്പിച്ച രൂപത്തിൽതന്നെ പിന്തുടരപ്പെടേണ്ടതാണ്. മുഹമ്മദ്നബിക്കുശേഷം അന്ത്യനാളുവരെ ദീനുൽ ഇസ്‌ലാം പ്രബോധനം ചെയ്യേണ്ട ചുമതല അദ്ദേഹത്തിന്റെ സമുദായത്തിൽ നിക്ഷിപ്തമാകുന്നു.